## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6617 09.07.2014 ലെ മറുപടിയ്ക്ക്

### ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീമതി. കെ. കെ. ലതിക : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ സർക്കാരിനെതിരെ സമ്മാനാർഹർ കേസ് നൽകാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ ; | (എ)<br>&<br>(ബി) | അന്യ സംസ്ഥാന ക്ലയിമുകളിന്മേൽ സമ്മാനതുക നൽകാത്തതുസംബന്ധിച്ച കേസ്സുകളാണ് ഹൈക്കോടതിയിൽ നിലവിലുള്ളത്. ഇത്തരം കേസ്സുകളിൽ സമ്മാനത്തുക നൽകുന്നതിന് ലോട്ടറി റൂൾ അനുശാസിക്കുന്ന പ്രകാരം സമ്മാനാർഹർ കേരളത്തിൽ വന്നതിന് രേഖാമൂലമുള്ള തെളിവ്, ടിക്കറ്റ് ലഭിച്ച സാഹചര്യം മുതലായ കാര്യങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെടാറുണ്ട്. പ്രസ്തുത രേഖകൾ വകുപ്പുതല മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്തുന്നു. ശരിയായ രേഖകൾ സമർപ്പിക്കപ്പെടാത്ത കേസ്സുകളിൽ സമ്മാനത്തുക നിരസിക്കാറുണ്ട്. ഇത്തരത്തിൽ നിരസിക്കപ്പെടുന്ന സമ്മാനങ്ങൾക്ക് വേണ്ടിയും സമ്മാനാർഹർ ഹൈക്കോടതിയെ സമീപിക്കാറുണ്ട്. |
| (ബി) ലോട്ടറി സമ്മാനാർഹർക്ക് സമ്മാനത്തുക നൽകുന്നതിലുണ്ടായ കാലതാമസ ത്തിന്റെയും തടസ്സത്തിന്റെയും കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | | |

സമ്മാന വിതരണത്തിന് ലോട്ടറി റൂൾ അനുശാസിക്കുന്ന രേഖകൾ ശരിയായിട്ടുള്ളതും, സമയ ബന്ധിത മായും ലഭ്യമാകാത്ത സാഹചര്യ ത്തിൽ മാത്രമാണ് സമ്മാനത്തുക നൽകുന്നതിൽ കാലതാമസം വരു ന്നത്.

(സി) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള 14 കേസുകളിൽ ഹൈക്കോടതി എത്ര കേസുകളിൽ വിധി പറയുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) രണ്ട് കേസുകളിൽ സമ്മാന വിതരണം നടത്തുവാൻ വിധി ഉണ്ടാകുകയും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ടി കേസുകളിൽ എത്ര കേസുകളിൽ സർക്കാരിന് അനുകൂലമായ വിധിയുണ്ടായി എന്ന് വ്യക്തമാക്കുമോ?

(ഡി) സർക്കാരിന് അനുകൂലമായി വിധി വന്നിട്ടില്ല.

സെക്ഷൻ ഓഫീസർ.